(1) സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൊടുക്കുവാനുള്ള തുക;

(2) പൊതുമരാമത്തു പണികൾ നടത്തുന്നതിലേക്ക് കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കുവാനുള്ള ബിൽതുക;

(3) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻറ് ഡിസ്പോസൽ അറിയിച്ചതനുസരിച്ച് സംസ്ഥാനത്തിനകത്തും പുറത്തും വിവിധ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും മറ്റും കൊടുത്തു തീർക്കേണ്ട തുക?

ഉത്തരം

(1) സഹകരണ സംഘങ്ങൾക്ക് ഇൻറർസ്റ്റേറ്റ് സബ്സിഡി ഇനത്തിൽ 362 ലക്ഷം രൂപ 31–3–1986 വരെ കൊടുത്തുതീർക്കുവാനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള ബാദ്ധ്യതകൾ ഒന്നുമില്ല.

(2) പൊതുമരാമത്തു പണികൾ നടത്തിയ വകയിൽ 31-3-1986 വരെ 18.23 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ടെന്നാണ് ചീഫ് എഞ്ചിനീയറിൽനിന്നും കിട്ടിയ വിവരം.

(3) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻറ് ഡിസ്പോസൽ മുഖേന സ്കൂൾ സാധനങ്ങളുടെ വില അക്കൗണ്ടൻറ് ജനറൽ തന്നെ അതാതു കണക്കുകളിൽ ബുക്കു ചെയ്യുകയാണ് പതിവ്. അതിനാൽ ഈ ഇനത്തിൽ തുകകൾ കൊടുത്തുതീർക്കുന്നതിന് ബാക്കിയില്ല.

കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്ക് അനുവദിച്ച ഡി. എ.

216 [232] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്കനുവദിച്ച ഡി. എ. സംസ്ഥാന ജീവനക്കാർക്കും ആ തീയതി മുതൽത്തന്നെ പണമായി നൽകാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ഉത്തരം

കേന്ദ്ര ഗവൺമെൻറ് ജീവനക്കാർക്കനുവദിച്ച ഡി. എ. ഗഡുക്കളും എല്ലാംതന്നെ സംസ്ഥാന ജീവനക്കാർക്കും അതേ തീയതി മുതൽ തന്നെ നൽകിയിട്ടുണ്ട്. ഡി. എ. കുടിശ്ശിക പണമായി നൽകുന്ന കാര്യം സംസ്ഥാന ഗവൺമെൻറിൻെറ കാലാകാലങ്ങളിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly